തൊഴിലാളി

Reg: No K. 31

Founder Father Vadakkan : Managing Editor B. Wellington B. A.

വാല്യം 12 | ലക്കം 136 | 1965 മേയ് 24 തിങ്കൾ | തൃശ്ശൂർ | വില 4 പൈസ | പേജ് 2

എട്ടാമതും രക്ഷപ്പെട്ടു

(റോയിട്ടർ) ലാപാസ്, ബൊളീവിയാ മെ. 23 തന്നെ അപായപ്പെടുത്താനുള്ള എട്ടാമത്തെ ശ്രമത്തിൽ നിന്നും ബൊളീവിയൻ ഭരണത്തലവനായ ജനറൽ റേനേബറിയെന്തോസ് ഒർത്തുനോ രക്ഷപ്പാപിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അംഗരക്ഷകൻ കൊല്ലപ്പെട്ടു.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാരാന്ത്യപ്പതിപ്പ്

	പോസ്റ്റ്പേഡ്	പോസ്റ്റ്വേടി
ഒരു കൊല്ലത്തേക്ക്	27_00	6_00
6 മാസത്തേക്ക്	13_50	3_00
1 മാസത്തേക്ക്	2_25	1_50
എജൻറുമാർവഴി 3 മാസത്തേക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

ഇന്ത്യൻ സംഘം വീണ്ടും എവറസ്റ്റ്കൊടുമുടി കയറി

ഒരാഴ്ചയ്ക്കുള്ളിൽ ഇന്ത്യയുടെ രണ്ടാമത്തെ നേട്ടം

(പി. ടി. ഐ) ന്യൂഡെൽഹി, മെയ്, 23
ഇന്ത്യൻ പർവ്വതാരോഹണസംഘം ഇന്നലെ വീണ്ടും എവറസ്റ്റ് കൊടുമുടി കയറിയിരിക്കുന്നു.

സംഘത്തിൽപെട്ട സോനാം ഗ്യാട്സോ, സോനാം വാക്യൽ എന്നീ രണ്ടുപേർ കൊടുമുടിയുടെ ഉച്ചിയിൽ 50 മിനിട്ട് ചിലവഴിച്ചു.

നാലടി നീളമുള്ള ഒരു അലുമിനിയം വടിയിന്മേൽ അവർ ഇന്ത്യൻ പതാകയും നീപ്പാളീസ് പതാകയും അവിടെ നാട്ടി മെയ് 20-ന് കയറിയ രണ്ടുപേർ അവിടെ നാട്ടിയിരുന്ന പതാകകളുംഅവിടെയുണ്ട്.

42 വയസ്സായ സോനാം ഗ്യാട്സോ ഇതുവരെ എവറസ്റ്റ് കൊടുമുടി കയറിയിട്ടുള്ളവരിൽ ഏറ്റവും പ്രായം കൂടിയ ആളാണ്. 23 വയസ്സുള്ള സോനാം വാക്യൽ ഒരു പരമ്പരാഗത ഷേർപ്പാ കുടുംബത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ആളും.

ദാവാനോർബു, ആങ്ദാവാ, ഉണ്ടൻ എന്നീ മൂന്നു ഷെർപ്പാകളുടെ സഹായത്തോടെയാണ് അവർ കൊടുമുടി കയറിയത്. ഷെർപ്പാകളും മൂന്നുപേരും 27,930 അടി ഉയരത്തിലുള്ള അവസാനത്തെ ക്യാമ്പുവരെ പോയി.

സ്വന്തംരാജ്യംപോലെ കണക്കാക്കുക
കുവൈറ്റിലെ ഇന്ത്യക്കാരോട് ഉപരാഷ്ട്രപതി

(പി ടി ഐ) കുവൈറ്റ്, മെ 23

തങ്ങൾ പോന്ന ജോലി സ്വന്തംരാജ്യത്തിനുവേണ്ടി ചെയ്യുന്നതുപോലെ കണക്കാക്കാൻ കുവൈറ്റിൽ താമസിക്കുന്ന ഇന്ത്യാക്കാരെ ഉപരാഷ്ട്രപതി സക്കീർഹുസ്സയിൻ ആഹ്വാനം ചെയ്തിരിക്കുന്നു.

നിങ്ങളെ സ്വാഗതംചെയ്ത ഈ രാജ്യത്തോട് ഇതിൽകവിഞ്ഞതൊന്നു ചെയ്താലും അതു അപര്യാപ്തമാണെന്ന് അദ്ദേഹം പറഞ്ഞു.

കുവൈറ്റിലെ മൂന്നുദിവസത്തെ ഔദ്യോഗികസന്ദർശനത്തിനുശേഷം ഉപരാഷ്ട്രപതി ഇന്ന് സൗദി അറേബ്യയിലേയ്ക്കു പോകും.

....

ടോംസ്റ്റാസിയോട്ടുള്ള പെരുമാറ്റം
തന്റെ ഗവമ്മെണ്ടിനു പരാതിയില്ലെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷണർ

(പി. ടി ഐ) ന്യൂഡെൽഹി മെ, 23

ബ്രിട്ടീഷ് പത്രപ്രവർത്തകനായ ടോം സ്റ്റാസിക്ക് ഇന്ത്യൻ പോലീസ് കസ്റ്റഡിയിൽവച്ച് ലഭിച്ച പെരുമാറ്റത്തെപ്പറ്റി തന്റെ ഗവമ്മെണ്ടിനു യാതൊരു പരാതിയുമില്ലെന്ന് മദിരാശിയിലെ ബ്രിട്ടീഷ് കോൺസിൽ ഡെപ്യൂട്ടി ഹൈക്കമ്മീഷണർ മദിരാശി ഗവമ്മെണ്ടിനു ഉറപ്പുകൊടുത്തിരിക്കുന്നു.

—=

പ്രശസ്തസേവനങ്ങൾക്ക് അവാർഡ്

18 അദ്ധ്യാപകർക്കു നൽകുന്നു

(സ്വ ലേ) തിരു: മെ. 23

താഴെപ്പറയുന്ന അദ്ധ്യാപകർക്ക് പ്രശസ്തസേവനത്തിനുള്ള സ്റ്റേറ്റ് അവാർഡ് നൽകിയിരിക്കുന്നു.

സെക്കൻഡറി സ്കൂൾ

കെ. ആർ. പ്രഭാകരൻനായർ, ഫോർട്ട്, തിരുവനന്തപുരം, എസ്. പരമേശ്വരൻപിള്ള, കൊല്ലം. കെ. എൻ. കുഞ്ഞൻപിള്ള, കറാഴ്ശം, ആലപ്പുഴ. ഫാ. കുര്യാക്കോസ് മുഖലിൽ, ഉഴവൂർ കോട്ടയം. ഇ. കെ. പരമേശ്വരൻപിള്ള, പാറവൂർ, എറണാകുളം. പോൾ തോമസ് തൃശ്ശൂർ. എ. ഡബ്ലിയു. സാമുവൽ പാലക്കാട്ട്. പി. വി. കൃഷ്ണൻനായർ വടകര മദർ എം. ഗബ്രിയേൽ, കണ്ണൂർ.

പ്രൈമറി

കെ. വാസുദേവൻനായർ കാഞ്ഞാവാറ; ജി. ഉമ്മൻ വാളകം; പി. റ്റി. മത്തായി കരിയന്നൂർ; കെ. ആർ. ഗോപിനാഥപിള്ള കോട്ടയം; എ. പി. മത്തായി കോതമംഗലം; ആർ. ജി. കൃഷ്ണമേനോൻ ഇരിഞ്ഞാലക്കുട; ഏ. നാരായണൻ ആലത്തൂർ; പി. അലിക്കോയ കോഴിക്കോട്; പി. ഹസൻകുട്ടി വലിയപട്ടണം.

....

ഡൊമിനിക്കൻ റിപ്പബ്ളിക്കിൽ വെടിനിർത്തണം

സെക്യൂരിറ്റി കൌൺസിൽ പ്രമേയം

[പി ടി ഐ] ഐക്യരാഷ്ട്രങ്ങൾ, മെ, 22

ഡൊമിനിക്കൻ റിപ്പബ്ളിക്കിൽ സ്ഥിരം വെടിനിർത്തൽ ഏർപ്പെടുത്തണമെന്നും രക്ഷാസമിതി ഇന്ന് ആഹ്വാനം ചെയ്തിരിക്കുന്നു.

വെടിനിർത്തൽ 24 മണിക്കൂറിലധികം നിലനിർത്താൻ മിലിറ്ററി ജണ്ടായുടെ നേതാവ് ജനറൽ ഇമ്പർട്ട് വിസമ്മതിച്ചുവെന്ന് സെക്രട്ടറി ജനറൽ യൂതാണ്ട് സമിതിയെ അറിയിച്ചതിനെ തുടർന്നാണ് ഈ ആഹ്വാനം നൽകപ്പെട്ടതു്.

ഒരു ഹ്രസ്വ പ്രമേയത്തിനേലാണ് രക്ഷാസമിതി ഈ തീരുമാനമെടുത്തതു്

പ്രമേയത്തെ 10 വോട്ടിനെതിരെ 11 വോട്ടുകൾക്ക് ആദ്യം ഏതിർത്തിച്ച അമേരിക്ക നിഷ്പക്ഷത പാലിച്ചു.

....

350പേർക്ക് തൊഴിൽ നൽകുന്ന കോട്ടയത്തെടെക്സ്റ്റയിൽസിനെറപ്രവർത്തനം

തിരക്കുപിടിച്ചതന്നെ മന്നോട്ടനീങ്ങുന്നു

[സ്വ. ലേ.] കോട്ടയം, മെയ് 23

ഒന്നേകാൽ കോടി വാർഷിക മുൽപ്പാദിപ്പിക്കുന്നതും 55 ലക്ഷം രൂപാ ചെലവു വരുന്നതുമായ കോട്ടയം ടെക്സ്റ്റൈൽസ് ലിമിറ്റഡ് വേദഗിരിക്കു സമീപം സ്ഥാപിക്കുന്ന മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അതിന്റെ അവസാനഘട്ടത്തിലേയ്ക്ക് കടന്നിരിക്കുന്നു.

ഈവർഷത്തോടെ മിൽ പ്രവർത്തനമാരംഭിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. മിൽസിനാവശ്യമായ കെട്ടിടങ്ങളുടെ മേൽപ്പുര കയറ്റിക്കൊണ്ടിരിക്കുകയാണിപ്പോൾ.

ഈ വ്യാവസായികസ്ഥാപനത്തിന്റെ മൂലധനം പൂർണ്ണമായും രൂപീകരിക്കപ്പെട്ടുകഴിഞ്ഞു.

582 സാധാരണ കാഹരിക്കാരും 267 പ്രിഫറൻസ് കാഹരിക്കാരും അടക്കം ആകെ 849 കാഹരിക്കാരാണ് ഇപ്പോൾ ഉള്ളതു്. ഇതിൽ ചെറിയ കാഹരിക്കാരുടെ ഗണ്യമായ ഒരു തുക കേരളത്തിൽ നിന്നുതന്നെയാണ്.

കാഹരിക്കളുടെ വില്പന പൂന്തിയായിക്കഴിഞ്ഞ് നാളുകൾ ഏറെക്കഴിഞ്ഞിട്ടും കാഹരികൾ വാങ്ങാനായി ആളുകൾ ടെക്സ്റ്റൈൽസിന്റെ കാഹ്സിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതിനിടയിൽ തങ്ങളുടെ കൈവശമുള്ള ഏതാനും കാഹരികൾ അസ്സൽ വിലക്കുതന്നെ ഇന്നു 30-ാംതീയതിവരെ പൊതുജനങ്ങൾക്ക് വില്പനചെയ്യാൻ കോട്ടയം സിൻഡിക്കേറ്റ് ബാങ്ക് അധികൃതർ കമ്പനിയെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് കാഹരികൾ വേണമെന്നുള്ളവർ സിൻഡിക്കേറ്റ് ബാങ്കിനെ നേരിട്ട് സമീപിച്ചാൽ മതി.

മിൽസിന്റെ ഇതേവരെയുള്ള പ്രവർത്തനത്തിനായി 1420000 രൂപ ചെലവഴിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. മിൽസിനാവശ്യമായ ഭൂമിക്കും കെട്ടിടനിർമ്മാണത്തിനുംവേണ്ടി ഇതേവരെ 4 ലക്ഷം രൂപാ ചെലവഴിച്ചുകഴിഞ്ഞിരിക്കുകയാണ്. ബാക്കിവരുന്ന പണ്ടു ലക്ഷത്തിലധികം രൂപാ യന്ത്രസാമഗ്രികളും മറ്റും വാങ്ങുന്നതിനാണ് ചെലവഴിയ്ക്കപ്പെടുന്നതു്.

25000 സ്പിൻഡിലുകളാണ് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങളോടെ യാണ് ഈ മിൽസ് ഡിസൈൻ ചെയ്യപ്പെട്ടിട്ടുള്ളതു്. 12000 സ്പിൻഡിലുകളോടുകൂടി പ്രാരംഭ പ്രവർത്തനമാരംഭിക്കുന്നതിനാണ് പരിപാടി. പ്രാരംഭത്തിൽത്തന്നെ 350 പേർക്ക് ഈ സ്ഥാപനത്തിൽ തൊഴിൽ ലഭിക്കും മിൽസ് അതിന്റെ പൂർണ്ണപ്രവർത്തന ഘട്ടത്തിലെത്തുമ്പോൾ തൊഴിലാളികളുടെ സംഖ്യ ഇരട്ടിയായി വർദ്ധിക്കും.

കോട്ടയം ജില്ലയിലെ ആദ്യത്തെ ടെക്സ്റ്റൈൽ മിൽസായിരിക്കും ഈ സ്ഥാപനം.

മില്ലിന്റെ ഇന്നുവരെയുള്ള പ്രവർത്തനങ്ങൾ ശ്രീ. കെ. എസ്. നാരായണയ്യർ കൈതാരം പതുപ്രതിനിധികാര്യക്ക് വിവരിച്ചുകൊടുക്കുകയുണ്ടായി.

....

ഇടിവെട്ടേറ്റ് ആസ്പത്രിയിൽ

വടക്കാഞ്ചേരി, മെ. 23

വാഴാനിക്കുന്നത്ത് കറേക്കാട്ട് എന്നസ്ഥലത്തുവച്ച് മാരിയിൽ ജോസഫ് ഭാര്യ ഏലിയാമ്മയെ ഇന്നലെ 4 മണിക്കുണ്ടായ ഇടിവെട്ട് ഏറ്റതിനെ തുടർന്ന് സാരമായ പരുക്കുകളോടെ വടക്കാഞ്ചേരി ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

[സ ലേ]

അനുസരണയുള്ള മന്ത്രി

ലണ്ടൻ മെ. 22- ചില ഗവർമെൻറ് ഉദ്യോഗസ്ഥന്മാർ, അവരുടെ മന്ത്രി വെള്ളത്തിൽ ചാടണമെന്ന ആവശ്യപ്പെടുകയും അദ്ദേഹം അതു ചെയ്യുകയും ചെയ്ത ഒരു സംഭവം റിപ്പോർട്ടുചെയ്യപ്പെടുന്നു.

പാർലിമെൻറ് രാത്രി മുഴുവനും കൂടിയതിനുശേഷം ഒരു മണിക്കൂർ സമയം ബ്രിട്ടീഷ് ഫിഷ്പ്രീസിംഗ് മന്ത്രി റോയ്തോംസൻ [41] ഒന്നു മയങ്ങിപ്പോയി. ഉണർന്നയുടൻ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശപ്രകാരം മന്ത്രി തേംസ്നദിയിൽ എടുത്തുചാടി. അബദ്ധവശാൽ സമയം മന്ത്രി നദിയിൽ കിടന്നശേഷംകയറ്റുകയാണു രണ്ടുപ്രാവശ്യം മദ്യം കഴിച്ചു. വെള്ളത്തിനു മീതെ തല ഉയർത്തിപ്പിടിക്കാൻ ഗവണ്മെണ്ടിനു കഴിയുന്ന ഒരു മാർഗ്ഗമാണിതെന്നു മന്ത്രി പറഞ്ഞു.

ആറടി ഉയരമുള്ള സ്ഥലത്തുനിന്നു തേംസിലേക്കു ചാടിയപ്പോൾ ഒരു ഹോഗ്മാൻ മന്ത്രിയുടെ രക്ഷയ്ക്കു തയ്യാറായി സമീപം കാത്തിരുന്നു.

ഒരു പുതിയ ലൈഫ്ബൈൽറാ പരിശോധിക്കാനായിരുന്നു അദ്ദേഹം ചാടിയതു്.

....

വാർഡ്തോറും റേഡിയോകൂടം

പുത്തൂർ, മെയ് 22

വാർഡ് തോറും ഓരോ റേഡിയോ എന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽനിന്നു മരോട്ടിച്ചാൽ, മാന്ദാമംഗലം, ചെറുകുന്നു്, പൊന്നുക്കര, കൈനൂർ, എളനാട്ടുത്തി എന്നിവടങ്ങളിലേക്ക് ആറു റേഡിയോകൾ അനുവദിച്ചിരിക്കുന്നു എട്ടു വാർഡുള്ള പുത്തൂർ പഞ്ചായത്തിനു് ഇപ്പോൾ ഒമ്പതു് റേഡിയോകൂടം ഉണ്ടു്.

....

ഗ്രാമസഹായക് ക്യാമ്പ്

കാട്ടൂർ, മെ. 22

ഇരിങ്ങാലക്കുട വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ കാട്ടൂർവച്ച് മേയ്28,29,30 എന്നീ തിയതികളിൽ ഒരു ഗ്രാമസഹായക് ക്യാമ്പു നടത്തപ്പെടുന്നതാണ്. [സ ലേ]

കോസിന്റെ വാർഷിക അയാളുടെ മേൽ ഇപ്പോഴും ഉണ്ടാക്കിടക്കുകയും ചെയ്യുന്നുണ്ടു്.

ദേശീയവും അന്തർദ്ദേശീയവുമായ സംഭവങ്ങളുടെ ഗതിഭാവിമാറ്റം ബഹുഭൂരിപക്ഷം ജനസാധാരണത്തിന്റെ അഭിപ്രായത്തിനു വിരുദ്ധമായിരുന്നാലും നിരന്തരമായ മുന്നറിയിപ്പുകളെ അവഗണിക്കുകമൂലം ഒരു നല്ല ഭൂരിഭാഗം പാക്കിസ്ഥാനും അടിയറവയ്ക്കേണ്ടിവന്നുവെന്നു പാർലമെൻറിനു് അറിയേണ്ടിവന്നു. ബ്രിട്ടന്റെ കൈകടത്തലും പാക്കിസ്ഥാന്റെ സമഭാവമായ പ്രചാരണതന്ത്രങ്ങളും നടപ്പാക്കപ്പെട്ട പ്രദേശങ്ങളും തിരിച്ചുപിടിക്കുന്നതിനുള്ള ഒരു കനത്ത പ്രതിബന്ധമായിരുന്നു.

തീരുമാനങ്ങളെടുക്കുന്നതിലുള്ള ഗവണ്മെൻറിന്റെ കഴിവുകേടിനെ വിമർശിച്ചുകൊണ്ടുള്ള ശ്രീമതി വിജയലക്ഷ്മിയുടെ പ്രസംഗവും തുടർന്നു് ഡെപ്യൂട്ടി ലീഡർസ്ഥാനത്തേക്കുവർ സ്ഥാനാർത്ഥിയായതും പാർട്ടിക്കള്ളിൽനിന്നും ശാസ്ത്രിയെ തുറിച്ചുനോക്കിയ പ്രശ്നങ്ങളായിരുന്നു. മന്ത്രിസഭയിൽനിന്നും വിജയലക്ഷ്മിയെ പിന്തിരിപ്പിച്ചതു് ശാസ്ത്രിയുടെ ഏകപക്ഷീയമായ വിജയമായിരുന്നതുപ്പെടുന്നു.

ഹിന്ദി അടിച്ചേല്പിക്കുന്നതിലുള്ള ധൃതി അസുഖകരമായ സംഭവങ്ങൾക്കിടയാക്കുമെന്നുള്ള ഡി. എം. കെ. നേതാവു് അണ്ണാദുരൈയുടെ മുന്നറിയിപ്പു് സുപ്രധാനമായിരുന്നു. അഭൂതപൂർവ്വമായ ഐജൻസികൾ വഴി ഹിന്ദി നടപ്പാക്കണമെന്നുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം ഗവർമെൻറ് പരസ്യമായി അംഗീകരിക്കേണ്ടിയിരുന്നുവെന്നു് പലപക്ഷം തോന്നിയിരിക്കുന്നു.

....

രണ്ടു മൂന്നു ദശകങ്ങൾകൂടി പ്രതിരോധത്തിനു് മുൻഗണന നൽകണം

അതിത്തിസംരക്ഷിക്കാൻ ഇന്ത്യൻ സൈന്യത്തിനു കെൽപ്പുണ്ടെന്നു് രാജ്യരക്ഷാ മന്ത്രി

[പി. ടി. ഐ.) ന്യൂഡെൽഹി, മേയ് 23

ഇടയ്ക്കുവരുന്ന അതിത്തി ഭീഷണിയുടെ വെളിച്ചത്തിൽ രണ്ടു മൂന്നു ദശകങ്ങൾകൂടിയെങ്കിലും ഇൻഡ്യ അതിന്റെ പ്രതിരോധാവശ്യങ്ങൾക്ക് മുൻഗണന നൽകണമെന്നു് പ്രതിരോധമന്ത്രി വൈ. ബി. ചവാൻ ഇന്നിവിടെവച്ചു പ്രസ്താവിച്ചിരിക്കുന്നു.

സാമ്പത്തിക വികസനം പ്രധാനപ്പെട്ടതുതന്നെ. പക്ഷേ ഒരു സ്വതന്ത്ര രാഷ്ട്രത്തിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം അതിന്റെ അഖണ്ഡതയും സ്വാതന്ത്ര്യവും സംരക്ഷിക്കുകയെന്നതാണു്.

'പ്രതിരോധവും ധാർമ്മികതയും' എന്ന വിഷയത്തെപ്പറ്റിയുള്ള ഒരു സെമിനാർ ഉൽഘാടനം ചെയ്യുകയായിരുന്നു ചവാൻ.

അക്രമികാംക്ഷത്തിനായി പൊരുതുന്ന ഭടന്മാക്ക് ജനങ്ങളുടെ ധാർമ്മികപിന്തുണ അത്യന്താപേക്ഷിതമാണെന്നു്, കേന്ദ്രമന്ത്രി മുന്നറിയിച്ചു. പ്രതിരോധത്തിന്റെ നാട്ടുപ്പായ വ്യവസായികശക്തി വന്മിച്ചുതോതിൽ വർദ്ധിക്കേണ്ടിയിരിക്കുന്നു.

രാഷ്ട്രത്തിന്റെ അതിർത്തികാം സംരക്ഷിക്കാൻ ഇന്ത്യൻ സായുധസേനയ്ക്കു് കെൽപ്പുണ്ടെന്നു് ചവാൻ വിശ്വാസം പ്രകടിപ്പിച്ചു.

....

സഭകാം തമ്മിൽ സഹകരണത്തിനുള്ള സാദ്ധ്യത

14 സഭാനേതാക്കളടങ്ങിയ കമ്മറ്റി ചർച്ചയാരംഭിച്ചു

[റോയിട്ടർ] ജനീവാ, മെയ് 23

റോമൻകത്തോലിക്കാസഭയും മറ്റ് കത്തോലിക്കേതരസഭകളും തമ്മിൽ സഹകരണത്തിനുള്ള സാദ്ധ്യതകളെപ്പറ്റി 14 സഭാനേതാക്കളടങ്ങിയ ഒരു കമ്മറ്റി അന്വേഷണം തുടങ്ങിയിരിക്കുന്നു

വത്തിക്കാൻ നോമിനേറ്റുചെയ്ത ആറ് റോമൻകത്തോലിക്കാപ്രതിനിധികളും സഭകളുടെ ലോകകൗൺസിൽ നിയോഗിച്ച 8 പ്രതിനിധികളുമാണ് കമ്മറ്റിയിലുള്ളതു്.

ഇന്നലെ ആരംഭിച്ച കമ്മറ്റി യോഗം രണ്ടുദിവസം ദീർഘിക്കും മുൻകൂട്ടി അറിയിക്കാതെയും അജണ്ടയുടെ വിശദവിവരങ്ങളും പുറത്താക്കാതെയുമാണ് യോഗമാരംഭിച്ചതു്. എങ്കിലും അവർ സംഘടനാപരമായ കാര്യങ്ങളെപ്പറ്റി ചർച്ച നടത്തുമെന്നും ഭാവിയിലെ യോഗങ്ങളുടെ നടപടിക്രമങ്ങൾ ആപാകം കൊള്ളുമെന്നും അറിയുന്നു.

ഈ കമ്മറ്റിയുടെ നിയമനംകത്തോലിക്കാസഭയും ഇതരസഭകളും തമ്മിലുള്ള ബന്ധത്തിലെ ഒരു സുപ്രധാനസംഭവമാണെന്നു് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ചീനയ്ക്കു മെച്ചമുണ്ടാക്കി

രണ്ടാമത്തെ അണുസ്ഫോടനത്തെപ്പറ്റി "മസ്സർവത്തോരേ റൊമാനോ"

(റോയിട്ടർ] വത്തിക്കാൻസിറ്റി മെ. 23

ചൈനയുടെ രണ്ടാമത്തെ അണുബോമ്പുസ്ഫോടനത്തെപ്പറ്റി അതു് ചൈനയുടെ നിലയെ കൂടുതൽ മെച്ചപ്പെടുത്തിയിരിക്കുന്നുവെന്നു വത്തിക്കാൻ പത്രമായ ഓസ്സർവത്തോരെ റൊമാനോ പ്രസ്താവിച്ചിരിക്കുന്നു.

ഇതുതന്നെയാണ് വടക്കൻവിയറ്റ്നാമിന്റെ നിലപാടിനെ കൂടുതൽ ശക്തമാക്കിയിരിക്കുന്നതും. ഇതു് മോസ്കോ നിരായുധീകരണക്കരാറിനെതിരായ ഒരു വിജയമായും കണക്കാക്കാവുന്നതാണ്. അണുവായുധങ്ങൾ കൈവശംവയ്ക്കാൻ ആഗ്രഹിക്കുന്ന രാജ്യങ്ങൾക്ക് ഇതു് ഒരു പ്രോത്സാഹനംതന്നെ. ഇന്ത്യാ, ജപ്പാൻ, സ്വീഡൻ, ഇസ്രായേൽ, ഐക്യജർമ്മനി റിപ്പബ്ലിക് എന്നീ രാജ്യങ്ങൾക്ക് അണുബോമ്പുണ്ടാക്കാൻ കഴിയും. പക്ഷേ ഇക്കാര്യത്തിൽ ഏർപ്പെടുവാൻ ഇന്ത്യ ആഗ്രഹിക്കുന്നില്ലെന്നുള്ള അതിശക്തമായ നിലപാടിൽ മാറ്റമുണ്ടാകുമെന്നു് കരുതപ്പെടുന്നു.

ചൈനയുടെ അണുപരീക്ഷണങ്ങൾ ഏഷ്യയിലെ സമാധാനത്തിനു ഭീഷണിയാണെന്നു് അമേരിക്കൻ പ്രസിഡൻറ് ജോൺസൺ പ്രസ്താവിച്ചിരുന്നു.

....

കല്ലക്കര വികസനബ്ലോക്കിൽ 415 കമ്പോസ്റ്റ്വളക്കുഴികം കഴിക്കുകയും, 518 കഴികം വീണ്ടും നിറക്കുകയും, 2195 മെടിക്ക് ടൺ കമ്പോസ്റ്റ്വളം ഉല്പാദിപ്പിക്കുകയുമുണ്ടായതായി ബ്ലോക്ക് ഡവലപ്പ്മെൻറ് കാഫീസർടെറി പ്പോർട്ടിൽ പറയുന്നു. കൂടാതെ 471 കിണറിൽ മേത്തരം വിത്തും, 384 മെടിക്ക് ടൺ രാസവളവും 31 കിണറ്റിൽ കീടനാശിനിയും 2870 തെങ്ങിൻതൈകളും 6288 കവുങ്ങിൻ തൈകളും 1143 പച്ചക്കറി തൈകളും കൃഷിക്കാക്ക് വിതരണംചെയ്തുകഴുണ്ടായി. സി. ഐ.ഡി.പി പദ്ധതിവികസനത്തിനായി 11,537 രൂപാ കൃഷിക്കാക്ക് നൽകപ്പെട്ടു. കഴിഞ്ഞവർഷം പുതുതായി 474 അളക്കല്ല തോട്ടങ്ങളും ആരംഭിച്ചു.

....

തെമ്മാടികളുടെ കൂത്താട്ടം

വാടാനപ്പള്ളി, മെ. 20

വാടാനപ്പള്ളിനടയിലുള്ള കടകളുടെ തിണ്ണകളിൽനിന്നും സ്റ്റൗവും, ബഞ്ചും, മേശ മുതലായ സാധനങ്ങളും രാത്രികാലങ്ങളിൽ കളവു് പോയിക്കൊണ്ടിരിക്കുന്നു.

ഇവിടെയുള്ള സിനിമാ തിയ്യറ്ററിൽ നിന്നും രണ്ടാമത്തെ സിനിമകഴിഞ്ഞ പോകുന്ന ചില തെമ്മാടികാം പലതും കൊള്ളരുതായ്മകളും ചെയ്യുവരുന്നതായും പരാതി ഉയന്നിട്ടുണ്ടു്.

(സ്വ ലേ)

മുക്കാട്ടുകര കൺസ്യൂമർ സഹകരണ സംഘം

മുക്കാട്ടുകര, മെ 23

3 ലക്ഷം രൂപ അംഗീകൃത മൂലധനം തോട്ടുകൂടി മുക്കാട്ടുകര സഹകരണ സ്റ്റോർ ലിമിറ്റഡ് ആർ. 275 എന്ന പേരിൽ രജിസ്ട്രേഷനുയോ ട്ടുകൂടിയ ഒരു കൺസ്യൂമർ സഹകരണ സംഘം രജിസ്റ്റർ ചെയ്തിരിക്കുന്നു. അരി, പലവ്യഞ്ജനം തുടങ്ങിയ ആവശ്യസാധനങ്ങളുടെ വിതരണം നടത്തുകയാണ് ഇതിന്റെ മുഖ്യ ഉദ്ദേശ്യം.

[സ്വ. ലേ]

....

ഒല്ലൂക്കരബ്ലോക്കിലെ പ്രവർത്തനങ്ങൾ

തൃശ്ശൂർ, മെ 22

കഴിഞ്ഞ ധനശതിക വർഷത്തിൽ

പാർലമെൻറിൽനിന്നു

സ്പീക്കറെ വരച്ചു നിർത്തി പ്രതിപക്ഷത്തിന്റെ ചോദ്യം

പ്രതിസന്ധികളെ നേരിടുന്നതിലുള്ള ഗവ: പരാജയത്തെ കോൺ: അംഗങ്ങൾ എതിർത്തു

ന്യൂഡൽഹി, മെ. 23

പതിനൊന്നാഴ്ച കാലം നീണ്ടുനിന്ന പാർലമെൻറ് സമ്മേളനം, നിരവധി ചെറുപ്പാടകംക്കിടെ നല്ലി. പലപ്പോഴും നിസ്സഹായത പ്രദർശിപ്പിക്കേണ്ടിവന്നതു് സ്പീക്കർക്കായിരുന്നു. ലോകസഭയുടെ ഈ സമ്മേളനം ശിക്ഷണബോധവും അന്തസും പാലിക്കാൻ പരാജയപ്പെട്ട എന്നു പറയേണ്ടിയിരിക്കുന്നു.

സ്പീക്കറുടെ അധികാരങ്ങളും ഇതുമായും ചോദ്യം ചെയ്യപ്പെടുകയും, തങ്ങളുടെ നിയോജകമണ്ഡലങ്ങളെ സഭയിൽ പ്രതിനിധീകരിക്കപ്പെടാതിരിക്കുത്ത ക്ഷവല്ലും ചില പ്രതിപക്ഷ മെമ്പറന്മാരുടെ മേൽ അദ്ദേഹത്തിന്റെ അധികാരദുഃ ഇതു കർക്കശമായി നിപതിക്കയും ചെയ്ത സംഭവങ്ങളും ഇതിനിടയുണ്ടായിട്ടില്ലെന്നതുതന്നെ പറയാം. ഒരു മെമ്പർ മൈക്കോടതിയിൽ സമർപ്പിച്ചിരുന്ന കേസ് തള്ളപ്പെടുകയും ഡെമോ

കാമരാജ് — അതുല്യഘോഷ് ഗ്രൂപ്പുകാം തമ്മിൽ ഏറുമുട്ടാൻ തയ്യാറെടുക്കുന്നു

കാമരാജന്റെ ആംഗ്ലോ-അമേരിക്കൻ വിരുദ്ധ പ്രസ്താവനകളുടെ പിന്നിൽ പ്രതിഷേധസ്വരം

(സ്വന്തംലേഖകൻ) ന്യൂഡെൽഹി മെ: 23

ശാസ്ത്രി-കാമരാജ് ഗ്രൂപ്പിനെതിരായി അതുല്യഘോഷ് ഉടം പെടുന്ന കേന്ദ്രനിൻപ്രിക്കോറിന്റെ അമർഷം വളർന്നുവരികയാണെന്നും അടുത്ത എ ഐ സി സി യിൽ വല്ലാത്ത പൊട്ടലും വീഴലും ഉണ്ടാകുമെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ഇടയിടെ മദ്രാസിൽവെച്ച് ആംഗ്ലോ അമേരിക്കൻ ശക്തികാകംക്കെതിരെ കാമരാജ് ഉപയോഗിച്ച മൂർച്ചയേറിയ വിമർശനം ആ ഗ്രൂപ്പിനെ വല്ലാതെ ക്ഷോഭിപ്പിച്ചിട്ടുണ്ട്. ശാസ്ത്രി റഷ്യയിൽനിന്നു കൊണ്ടു നടത്തിയ ചില പ്രസ്താവനകളും സിൻഡിക്കേറ്റ് ഗ്രൂപ്പിനെറ നിശിതമായ വിമർശനങ്കാംക്ക് വിധേയമായിരിക്കുകയാണ്.

ചൈനയ്ക്കും പാക്കിസ്ഥാനുമെതിരായി ബ്രിട്ടനോടും അമേരിക്കയോടും സഖ്യമുണ്ടാക്കണമെന്നുള്ള സിൻഡിക്കേറ്റ് ഗ്രൂപ്പിലെ ചില പ്രമുഖന്മാരുടെ അഭിപ്രായത്തെ കാമരാജ് തിരുനൽവേലിയിലെ ഒരു പൊതുയോഗത്തിൽ അപലപിച്ചതും ഈ ഉൾപ്പോരിനു കനം വെപ്പിച്ചിട്ടുണ്ട്.

കമ്മ്യൂണിസത്തിനും ചൈനയ്ക്കുമെതിരായി അമേരിക്ക നൽകിയ ധനസഹായം വാങ്ങിക്കൊണ്ട് പാക്കിസ്ഥാൻ ചൈനയെ കൂട്ടുപിടിക്കയും ഇന്ത്യയെ പ്രകോപിപ്പിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നിട്ടും പാക്കിസ്ഥാൻ കാഷ്മീരിലും ഇപ്പോൾ കച്ചിലും നടത്തിയ ആക്രമണങ്ങളെ അപലപിക്കാൻ അമേരിക്കയൊ ബ്രിട്ടനൊ എന്തുകൊണ്ട് തയ്യാറായില്ല എന്നാണ് കാമരാജിന്റെ ചോദ്യം. അമേരിക്കൻ സഹായത്തിനു പാകമായി എന്തെങ്കിലും ഉറപ്പുകൊടുത്തിട്ടില്ലെങ്കിലും അമേരിക്കൻ നയങ്ങൾക്കെതിരെ പരിധിവരെ പിന്തുണ നൽകുമെന്നവർ പ്രതീക്ഷിക്കുന്നുണ്ടാവണം. അല്ലെങ്കിൽ പിന്നെന്തിനു്, വിയറ്റ്നാമിൽബോംബുവർഷം നിർത്തണമെന്നുള്ള പ്രഖ്യാപനത്തിനെറ പേരിൽ ശാസ്ത്രിയുടെ അമേരിക്കൻ സന്ദർശനം റദ്ദ് ചെയ്തു. എന്നും കാമരാജ് ചോദിച്ചിരിക്കുന്നു.

എല

റേഡിയോഗ്രാമരംഗങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിസംസ്ഥാന വ്യാപകമാക്കും

എ. ഐ. ആറിന്റെ ഗ്രാമീണപരിപാടി ഉപദേശകസമിതിയുടെ തീരുമാനം

എറണാകുളം, മെയ് 23

റേഡിയോഗ്രാമരംഗങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതി വളരെ അത്യുത്തമമായ സംഗതിയാണെന്നും അതു രാജ്യത്തിന്റെ സർവ്വ പ്രദേശങ്ങളിലും ഒരു പഞ്ചായത്തിൽ രണ്ടു ഗ്രാമരംഗങ്ങൾ വീതമായിരിക്കണമെന്നും കേരളത്തിലിപ്പോൾ 606 റേഡിയോ ഗ്രാമരംഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഓൾ ഇന്ത്യാ റേഡിയോയുടെ തിരുവനന്തപുരം–കോഴിക്കോട് നിലയങ്ങളോട് അനുബന്ധിച്ചുള്ള ഗ്രാമീണപരിപാടി ഉപദേശകസമിതി യോഗത്തിൽ പ്രസ്താവിക്കപ്പെട്ടതാണ് ഈ വിവരം. ഗ്രാമീണപരിപാടിയിൽ പ്രക്ഷേപണംചെയ്യുന്ന പരിപാടികൾ അവലോകനം ചെയ്യുകയും, വികസനപ്രവർത്തനങ്ങൾ സംബന്ധിച്ചു ഇനങ്ങൾക്കു പറമേ സാധാരണക്കാർക്ക് മനസ്സിലാകുന്നതാത്തിൽ നിയമവിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ഇതിലുൾപ്പെടുത്തണമെന്നു സമിതി ശിപാർശചെയ്തു. വൈകുന്നേരം 6.15 മുതൽ 7 മണിവരെയുള്ള നാട്ടിൻപുറപരിപാടിയിലെ പ്രധാനപ്പെട്ട ഇനങ്ങളെല്ലാം എല്ലാദിവസവും 6.30–നും എഴിനുമിടയ്ക്കു പ്രക്ഷേപണം ചെയ്യണമെന്ന് അഭിപ്രായപ്പെട്ടു. പ്രാദേശിക പരിപാടിയുടെ പ്രയോജനം കിട്ടാൻ ഇതാവശ്യമാണ്.

നിയമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് രണ്ടാഴ്ചയിലൊരിക്കൽ പുതിയൊരു ഫീച്ചർ തന്നെയായി